RAO SAHIB Dr. N. KUNJAN PILLAI (*Ag. Land Revenue and Income Tax Commissioner*) : Under rule 11 of the Land Improvement and Agricultural Loans Rules, officers granting agricultural loans should invariably consult the Director of Agriculture in the case of applications for the purchase of machinery or pumping plant in regard to the suitability, value and life of such machinery or plant for the purchase of which the loan is sought. In regard to the grant of loans from the State Land Mortgage Bank, the Agricultural Department is not consulted as it is not required by the rules.

Bi-weekly dispensary for the Ottasekharamangalam Pakuthi.

44. Mr. N. K. PADMANABHA PILLAI (*Neyyattinkara cum Nedumangad*) : Will the Government be pleased to state whether the public at Ottasekharamangalam pakuthi in the Neyyattinkara taluk have informed them that at least a bi-weekly dispensary is absolutely necessary in the pakuthi, and if so, the action taken by them in the matter ?

Mrs. M. POONEN LUKOSE : Yes. The matter was referred to the Administrative Board, Medical Services. The Board reported that it did not consider it necessary to open a dispensary at Ottasekharamangalam and this opinion was accepted by Government.

Pokkuvaravu returns.

45. Mr J. JOHN KATTAKAYAM (*Muvattupuzha cum Todupuzha*) : Will the Government be pleased to state whether they have issued stringent orders that immediate action should be taken on Pokkuvaravu returns relating to registered sale deeds sent to Pakuthi Cutcherries ?

RAO SAHIB Dr. N. KUNJAN PILLAI : The Pokkuvaravu rules contain ample provision for immediate action being taken on copies of documents (pokkuvaravu returns) relating to registered sale deeds sent to Pakuthi Cutcherries. Hence Government do not consider it necessary to issue further instructions in the matter.

പ്രമാണങ്ങളെല്ലാം പകുതികച്ചേരിയിൽ കിട്ടിയ ഉടനെതന്നെ പോക്കുവരവുനടത്തണമെന്ന ഇപ്പോൾ ചട്ടമുണ്ട്. അതിനാൽ അതിലേക്ക് പുതുതായി ഒരുത്തരവു പുറപ്പെടുവിക്കണമെന്ന ഗവണ്മെൻറു വിചാരിക്കുന്നില്ല.

Mr. J. JOHN KATTAKAYAM : അതനുസരിച്ചു പ്രവൃത്തിക്കാറുണ്ടോ?

RAO SAHIB Dr. N. KUNJAN PILLAI: ഉണ്ട്.

Mr. J. JOHN KATTAKAYAM : അങ്ങനെ പ്രവൃത്തിക്കാതെ വല്ലകേസുകളും കിടപ്പുള്ളതായിട്ടറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

RAO SAHIB Dr. N. KUNJAN PILLAI: സാധാരണവരുന്ന കേസുകളെല്ലാം പോക്കുവരവുനടത്തുന്നുണ്ട്. എന്നാൽ ചില കേസ്സുകൾ തള്ളിക്കളഞ്ഞു എന്നു വരാം, അങ്ങനെ തള്ളിക്കളയുന്നതിനുതക്കതായ കാരണവും കാണും.

Mr. J. JOHN KATTAKAYAM: തക്കതായ കാരണങ്ങളില്ലാത്തതായ അനേകം കേസുകൾ ഇങ്ങനെ പോക്കുവരവു ചെയ്യാതെ കിടപ്പുള്ളതായിട്ടറിയാമൊ?

RAO SAHIB Dr. N. KUNJAN PILLAI: എന്റെ അറിവിൽ പെട്ടിട്ടില്ല. എന്റെ അറിവിൽപെട്ടാൽ അതിനെപ്പറ്റി കർശനമായനടപടിനടത്തുന്നതാണ്.

Mr. J. JOHN KATTAKAYAM: വ്യാഴവട്ടക്കാലമായി പോക്കുവരവുചെയ്യാത്തകേസുകൾ കിടക്കുന്നതായ അറിയാമൊ?

RAO SAHIB Dr. N. KUNJAN PILLAI: അറിഞ്ഞുകൂടാ.

Mr. J. JOHN KATTAKAYAM: മേലാലെങ്കിലും ഈ കാര്യത്തിൽ കർശനമായ ഉത്തരവയക്കാൻ കമ്മീഷണർ ശ്രമിക്കുമൊ?

RAO SAHIB Dr. N. KUNJAN PILLAI: പകുതികുച്ചേരികളും താലൂക്കുകുച്ചേരികളും പരിശോധനനടത്തുമ്പോൾ വളരെ നിഷ്കർഷയായി ഇതിനെപ്പറ്റി അനേഷിക്കുന്നുണ്ട്. ന്യായമല്ലാത്തകാരണത്തിന്മേൽ പോക്കുവരവുചെയ്യാതെതള്ളിയിട്ടുള്ള അപേക്ഷകളെ തിരിയെ ഫയലിൽ എടുത്തു നടപടിനടത്തണമെന്നു ഏർപ്പാടുചെയ്തിട്ടുണ്ട്. ജാമാബന്ധി പരിശോധനനടത്തുമ്പോൾ ഈ സംഗതിയിൽ പ്രത്യേകംശ്രദ്ധിക്കണമെന്നു സർക്കുലർ കഴിഞ്ഞ ആഴ്ചയിലും അയച്ചിട്ടുണ്ട്.

Mr. J. JOHN KATTAKAYAM: പോക്കുവരവുചെയ്യാത്തതു നിമിത്തം വസ്തുക്കൾ ലേലത്തിൽപോയി വസ്തു ഉടമസ്ഥന്മാക്കു നഷ്ടംവന്നതായിട്ടറിയാമൊ?

RAO SAHIB Dr. N. KUNJAN PILLAI: അറിഞ്ഞുകൂടാ.

Mr. J. JOHN KATTAKAYAM: അങ്ങനെ നഷ്ടം വന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിയാരാണ്?

RAO SAHIB Dr. N. KUNJAN PILLAI: എന്തുകാരണത്താലാണ് പോക്കുവരവുചെയ്യാതിരുന്നതെന്നുള്ളതുകൂടി ആലോചിച്ച ശേഷമെ ഇതിനെപ്പറ്റി തീർച്ചപറയുവാൻ തരമൊള്ളു. പ്രമാണം എഴുതികൊടുക്കുന്നതു ഒരാളും തണ്ടപ്പേരുകാരൻ മറെറാരാളുമായുള്ള കേസുകൾ ധാരാളമുണ്ടാകുന്നുണ്ട്. അങ്ങനെയുള്ള കേസുകളിൽ പോക്കുവരവുചെയ്യാൻ നിവർത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. JOHN KATTAKAYAM : അങ്ങനെ അല്ലാത്തകേസുകൾ പോക്കുവരവുചെയ്യാത്തതായി എനിക്കറിയാം.

RAO SAHIB Dr. N. KUNJAN PILLAI: അങ്ങനെയുള്ള കേസുകളെപ്പറ്റിമെമ്പർ പ്രത്യേകമായി എഴുതി അയച്ചാൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടനടപടിനടത്താൻ ഏർപ്പാടുചെയ്യുന്നതാണ്.

Mr. J. JOHN KATTAKAYAM : ചുരുപാമാത്രംകരംകൊടുക്കേണ്ടിയുണ്ടായിരുന്ന ഒരുവസ്തുപോക്കുവരവുചെയ്യാത്തതുകൊണ്ട് ലേലത്തിൽപോയതുനിമിത്തം അതിന്റെ ഉടമസ്ഥനു ഫ ൦ ൦ രൂപാനഷ്ടമുണ്ടായിട്ടുണ്ട്.

RAO SAHIB Dr. N. KUNJAN PILLAI: Sir, the member is giving some specific instances in which pokkuvaravu has not been effected. I have already said that action will be taken by the department on the receipt of petitions from the parties concerned in such cases.

അതിനെപ്പറ്റി പിന്നീട് എഴുതിഅയച്ചാൽ അന്വേഷിക്കുന്നതാണ്.

VOTING OF DEMANDS FOR GRANTS.

DEMAND VIII—PUBLIC HEALTH AND SANITATION (*continued*)

PRESIDENT : The House was discussing Demand VIII—Public Health and Sanitation. There is only one hour more for this Demand. The discussion will now proceed.

Mr. N. K. PADMANABHA PILLAI: സർ, പാശ്ചാത്യരുമായുള്ള സമ്പർക്കംനിമിത്തം നമ്മുടെ നാട്ടിനുപല ഗുണങ്ങളുംസിദ്ധിച്ചിട്ടുണ്ട്. അങ്ങനെ അടുത്തകാലത്തു നമ്മുടെ നാട്ടിനുണ്ടായിട്ടുള്ളതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതും, ഇനി ഉണ്ടാകാൻപോകുന്നതുമായ ഒരനുഗ്രഹം അല്ലെങ്കിൽ ഒരു ഗുണം ആണ് പബ്ലിക്ക ഹെൽത്ത്ഡിപ്പാർട്ടുമെൻറ്. ഒരമേരിക്കാക്കാരനായ ഡാക്ടർ ജക്കാക്ക് ഈ നാട്ടിൽ വരാതെയിരുന്നെന്നു വരുകിൽ പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറും എന്നൊരു സ്ഥാപനം ഇവിടെ ഉണ്ടാകാനിടയില്ലായിരുന്നു.

ഹെൽത്ത് യൂണിറ്റിനേയും സാനിറ്ററിഡിപ്പാർട്ടുമെൻറിനേയും ഒന്നായിചേർത്തു ഒരു മേലദ്ധ്യക്ഷന്റെകീഴിലാക്കിയതിൽ ഗവണ്മെൻറിനെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. പഴയ സാനിറ്ററിഡിപ്പാർമെൻറു നടത്തിക്കൊണ്ടിരുന്നതായ ജോലികൾ വെറും വാക്സിനേഷൻ, ജനനമരണക്കണക്കെടുക്കൽ, സ്വീപ്പിംഗ്, മുതലായവയായിരുന്നു. അക്കാലത്തെടുത്തിരുന്ന ജനനമരണക്കണക്കു ശരിയായിട്ടുള്ളതല്ലായിരുന്നു എന്നു സാനിറ്ററി കമ്മീഷണരുടെ ആണ്ടുതോറുമുള്ള ഭരണറിപ്പോർട്ടുകൊണ്ടു വെളിപ്പെട്ടുന്നതാണു. ഇതിനുംപുറമെ ഈ കണക്കുതെറ്റാണെന്നു നെ

LIBRARY ARCHIVES Kerala Legislative Assembly